ഉത്തരം

(എ) ഭൂമി ലഭ്യമായിട്ടുണ്ട്. 216/ബി2 എന്ന സർവ്വെ നമ്പരിൽ കാസർഗോഡ് താലൂക്ക് ബേഡഡുക്ക വില്ലേജിലെ ഒരേക്കർ ഭൂമിയാണ് ലഭ്യമായിട്ടുള്ളത്.

(ബി&സി) ഭൂമി ലഭ്യമായി, കെട്ടിട നിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് അസി.എഞ്ചിനീയർ, സ്പെഷ്യൽ ബിൽഡിംഗ്, കാസർഗോഡ് തയ്യാറാക്കിവരുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ പട്ടികവർഗ്ഗ കുടുംബങ്ങൾ

208 (4792) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികം&വകുപ്പുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ എത്ര പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട് ;

(ബി) ഇവർക്ക് എന്തൊക്കെ ആനുകൂല്യങ്ങളും സഹായങ്ങളും നൽകുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ആകെ 55 പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ട്.

(ബി) അർഹരായ അപേക്ഷകർക്ക് ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം എന്നിവയ്ക്ക് ധനസഹായം, പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വിദ്യാഭ്യാസാനുകൂല്യം, ചികിത്സാ ധനസഹായം, നിർദ്ധനരായ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം, അനാഥരായ കുട്ടികളെ സംരക്ഷിക്കുന്നതിന് 'കൈതാങ്ങ്' എന്ന പദ്ധതി പ്രകാരം ധനസഹായം എന്നിവ നൽകിവരുന്നു. വകുപ്പ് യഥാകാലം അനുവദിക്കുന്ന എല്ലാ സ്കീമുകൾക്കും അർഹതാ മാനദണ്ഡങ്ങൾക്കനുസരിച്ച് ഇവരെയും പരിഗണിക്കുന്നുണ്ട്.

സ്റ്റുഡന്റ് ഡോക്ടർ പദ്ധതി

209 (4793) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. പി. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികം&വകുപ്പുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോഡൽ റസിഡൻഷ്യൽ സ്കൂളിലെ കുട്ടികൾക്കായി സ്റ്റുഡന്റ് ഡോക്ടർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുന്നത് ;

(സി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) 2013-14 അദ്ധ്യയന വർഷം വകുപ്പിനു കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ സ്റ്റുഡന്റ് ഹെൽത്ത് എഡ്യൂക്കേഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ തെരഞ്ഞെടുക്കപ്പെട്ട 130 വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് ആരോഗ്യ പരിപാലനം, പ്രഥമ ശുശ്രൂഷ, വ്യക്തി ശുചിത്വം, സാമൂഹിക ശുചിത്വം, കുടിവെള്ള പരിപാലനം, ജീവിതശൈലി രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധം, പുകവലി, പാൻപരാഗ്, പാൻമസാല, മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം കൊണ്ടുള്ള ദൂഷ്യങ്ങൾ എന്നിവകളിൽ ആരോഗ്യവകുപ്പുമായി ചേർന്ന് പരിശീലനം നൽകി, മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ഹെൽത്ത് ക്ലബ്ബുകൾ രൂപീകരിക്കുകയും പരിശീലനം ലഭിച്ച വിദ്യാർത്ഥികൾ മറ്റു വിദ്യാർത്ഥികൾക്കും പട്ടികവർഗ്ഗ സങ്കേതങ്ങളിലും ആരോഗ്യ പരിപാലന ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും ചെയ്യുകയാണ് സ്റ്റുഡന്റ് ഹെൽത്ത് എഡ്യൂക്കേഷൻ പ്രൊമോട്ടർ പദ്ധതിയുടെ ഉദ്ദ്യേശ്യലക്ഷ്യങ്ങൾ. ആലപ്പുഴ ഗവൺമെന്റ് ടി.ഡി. മെഡിക്കൽ കോളേജിലെ ഡോക്ടർമാരുടെ മേൽനോട്ടത്തിൽ പരിശീലനം നൽകി കുടുംബശ്രീ, ആരോഗ്യവകുപ്പ് എന്നിവരുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കിയത്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രസ്തുത പദ്ധതി 2013-14 വർഷം നടപ്പിലാക്കുന്നതിനായി 4,75,000 രൂപ അനുവദിക്കുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

പട്ടികവർഗ്ഗ മേഖലയിലെ പുതിയ പദ്ധതികൾ

210 (4794) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ പട്ടികവർഗ്ഗ മേഖലയിൽ നടപ്പിലാക്കിയ പുതിയ പദ്ധതികൾ എന്തെല്ലാമാണ് ; ഇതിനായി എത്ര തുക ചെലവഴിച്ചു ; ഇതിലൂടെ ഉണ്ടായ നേട്ടം എന്താണെന്ന് വിശദമാക്കുമോ ?

ഉത്തരം

ഈ സർക്കാർ പട്ടികവർഗ്ഗ മേഖലയിൽ നടപ്പിലാക്കിയ പുതിയ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly